**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4981** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂമികയ്യേറ്റ മാഫിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമികയ്യേറ്റ മാഫിയയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പ്രസ്തുത മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിയമവിധേയമായി മാത്രം ഭൂമികൈമാറ്റം ചെയ്യുന്നതിനും സംസ്ഥാനത്ത് ഒരാൾക്ക് എവിടെയെല്ലാം ഭൂമിയുണ്ടെന്ന് ഒറ്റ നോട്ടത്തിൽ വീക്ഷിക്കാനും ഈ സർക്കാർ സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സർക്കാർ ഭൂമികൈയ്യേറ്റം/സർക്കാർ ഭൂമിയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും തടയുന്നതിനും കേരള ഭൂ സംരക്ഷണ നിയമം 1957 , 1958 ലെ അനുബന്ധ ചട്ടത്തിലെയും 2019 ലെ ഭൂ സംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . ഭൂ വിവരങ്ങളുടെയും ഭൂരേഖകളുടെയും ഭൂവിവരങ്ങളുടെയും അഭാവമാണ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രേരണയാകുന്നത്. ഇത് തടയുന്നതതിനായിയാണ് ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും കേരളമൊട്ടാകെ ഡിജിറ്റലായി സർവ്വേ ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ളത് . ഡിജിറ്റൽ റെക്കോർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിൽ ഉള്ള 27 വില്ലേജുകളും ഒഴികെ അവശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വേ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations),RTK (Real Time Kinematic), Drone, ETS (Electronic Total Station) എന്നിവ പ്രയോജന പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി തത്വത്തിൽ ലഭിച്ചിട്ടുള്ളതും റിബിൾഡ് കേരള ഇനിഷ്യറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ച ഉത്തരവായിട്ടുള്ളതുമാണ്. 4 വർഷം കൊണ്ട് 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതിനുള്ള കർമ്മ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച സർവ്വേ നടത്തി GIS അധിഷ്ഠിത ഡിജിറ്റൽ മാപ്പുകൾ തയ്യാർ ആകുന്നതിനാൽ അധിക ഭൂമി കൈവശം വച്ചിരിക്കുന്നവരെയും സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവരെയും |

| | | | |
|---|---|---|---|
| | | | വളരെ വേഗത്തിൽ കണ്ടെത്തി ലാൻഡ് റവന്യൂ വകുപ്പ് മുഖേന നിയമാനുസൃതമായുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. സംസ്ഥാനത്തു ഒരാൾക്ക് എവിടെയെല്ലാം ഭൂമിയുണ്ടെന്ന് ഒറ്റനോട്ടത്തിൽ വീക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാകുന്നത്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിന് കേന്ദ്രസർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ആയത്തിലേക്കുള്ള സോഫ്റ്റ്‌വെയർ നിർമാണം അന്തിമഘട്ടിത്തിലാണ്. |
| (ബി) | റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥവിഭാഗം നടത്തുന്നതായി ആരോപിക്കുന്ന നിയമവിരുദ്ധപ്രവർത്തനങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികൾക്കാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്; | (ബി) | റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ വിഭാഗം നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കർശനമാക്കാനുമാണ് ലക്ഷ്യമിടുന്നത്. |
| (സി) | കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ആരോപിക്കുന്ന കുറ്റത്തിന്റെ ഗൗരവം അടിസ്ഥാനമാക്കി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും)ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിച്ചു ആവശ്യമെങ്കിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ഡി) | എങ്കിൽ ഈ സർക്കാർ കാലയളവിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായെന്നും ആയതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | (ഡി) | ഇത് സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ 31 പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ